# കേരള സർക്കാർ
## ജലവിഭവ വകുപ്പ്
## ദർഘാസ് പരസ്യം

നം. ഡി1-622/92

തീയതി: 10-08-2020

കേരള ഗവർണ്ണർക്കുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് സബ് ഡിവിഷൻ നമ്പർ. 7, കോലഞ്ചേരി താഴെ പറയുന്ന പ്രവൃത്തികൾക്ക് കേരള പൊതുമരാമത്ത്/ജലസേചന വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും (സിവിൽ വർക്കുകൾ ഈ ഡിവിഷനു കീഴിലുള്ള ഡി-യും ഈ സർക്കിളിനു കീഴിലുള്ള സി-യും അതിനു മുകളിലും) മത്സരദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്രവച്ച പ്രത്യേകം കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് മുഖാന്തിരം രജിസ്റ്റേർഡ് തപാലിൽ പോസ്റ്റ് ചെയ്തിട്ടുള്ളതായിരിക്കണം. കൊറിയർ സർവീസ് മുഖാന്തിരമോ, നേരിട്ടോ ഉള്ള ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാലിൽ ഉണ്ടാകുന്ന കാലതാമസങ്ങൾക്ക് ഈ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം അവധി ആയാൽ അതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം വൈകുന്നേരം 3 മണി വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ടെണ്ടർ തീയതി ഉച്ചയ്ക്ക് 3.00 മണി വരെ തപാലിൽ ലഭിക്കുന്ന ദർഘാസുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. ടെണ്ടർ തീയതിയിൽ വൈകുന്നേരം 3.30ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ, അദ്ദേഹം ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥനോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

ദർഘാസ് പ്രമാണങ്ങളും മറ്റ് വിവരങ്ങളും ഈ ഓഫീസിൽ നിന്നും ദർഘാസ് പ്രമാണത്തിന്റെ വില "0700-01-110-99-Other Items" എന്ന തലവരിയിൽ ട്രഷറിയിൽ ഒടുക്കിയതിന്റെ അസ്സൽ ചലാനും ടി തുകയുടെ 6% SGSTയും 6% CGSTയും (ആകെ ചരക്ക്സേവന നികുതി12%) ഈ കാര്യാലയത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (SBI A/c: 38439706903) ഒടുക്കിയതിന്റെ രസീതും ഹാജരാക്കി രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന് വേണ്ടി അടയ്ക്കുന്ന തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. ദർഘാസ് പ്രമാണം തപാൽമാർഗ്ഗം ആവശ്യപ്പെടുമ്പോൾ പ്രമാണത്തിന്റെ വിലയ്ക്ക് പുറമെ തപാൽ കൂലിയായ 30/–രൂപ (നിലവിലുള്ള തപാൽ ചാർജ്ജ്) അടയ്ക്കേണ്ടതാണ്. ദർഘാസ് പ്രമാണങ്ങൾ ജലവിഭവ വകുപ്പിലെയും, പൊതുമരാമത്ത് വകുപ്പിലെയും അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാകുന്നു. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ കോൺട്രാക്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തിയതും ആവശ്യമായ സ്റ്റാമ്പ് ഒട്ടിച്ച് ഒപ്പിട്ടതുമായ നിരതദ്രവ്യം ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. 28/04/1990ലെ ജി.ഒ. (എം.എസ്)39/90/പി.ഡബ്ല്യൂ.ഡി.ഉത്തരവ് അനുസരിച്ചും 22/3/2019 ലെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ എഫ്–6/14714/2018 ഉത്തരവ് അനുസരിച്ചും കരാറുകാർ ദർഘാസിനോടൊപ്പം 210/–രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടികൂടി സമർപ്പിക്കേണ്ടതാണ്. 1989 വർഷത്തിലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിയമമനുസരിച്ച് കരാറുകാരുടെ ഓരോ ബില്ലിൽ നിന്നും ഒരു ശതമാനം കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് പിടിക്കുന്നതാണ്. കൂടാതെ 1990 വർഷത്തിലെ കേരള നിർമ്മാണ ക്ഷേമനിധി വ്യവസ്ഥകളും ഇതിനു ബാധകമാണ്. 21/11/92–ലെ ജി.ഒ(എം.സ്)/96/92/പി ഡബ്ളിയു ആന്റ് ടി ഉത്തരവ് പ്രകാരമുള്ള ഗ്യാരണ്ടി പീരീയഡിനെ സംബന്ധിക്കുന്ന വ്യവസ്ഥകളും 19/08/97–ലെ ജി.ഒ (പി)84/97/പി.ഡബ്ളിയു ഉത്തരവ് പ്രകാരം ജലവിഭവ വകുപ്പിനും പൊതുമരാമത്തുവകുപ്പിനും ബാധകമായിട്ടുള്ള എല്ലാ നിയമങ്ങളും നിലവിലുള്ള എല്ലാ നികു

തികളും (GST),13/11/97–ലെ ജി.ഒ (എം.എസ്) 135/97 സഹകരണ ഉത്തരവ് പ്രകാരം സർക്കാരിന്റെ കരാർ പണികൾ ലേബർ കോൺട്രാക്റ്റ് സഹകരണ സൊസൈറ്റികൾക്ക് നൽകുന്ന എല്ലാവ്യവസ്ഥകളും ഈ ദർഘാസിനു ബാധകമാണ്.

മേൽ പറഞ്ഞ വ്യവസ്ഥകൾ പാലിക്കപ്പെടാത്ത ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കേരള ജലവിഭവ വകുപ്പിലേയും പൊതുമരാമത്ത് വകുപ്പിലേയും നിലവിലുള്ള മറ്റെല്ലാവ്യവസ്ഥകളും ഇതിന് ബാധകമാണ്. യാതൊരു കാരണവും ബോധിപ്പിക്കാതെ തന്നെ ദർഘാസ് ഒന്നായോ മൊത്തമായോ നിർത്തിവയ്ക്കുകയോ, നിരസിക്കുകയോ ചെയ്യുന്നതിനുള്ള അധികാരം താഴെ ഒപ്പു വെച്ചിരിക്കുന്ന ആളിൽ നിക്ഷിപ്തമാണ്.

| ക്രമ നം. | ടെണ്ടർ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | ദർഘാസ് ഫോറത്തി ന്റെ വില | കാലാവ ധി |
|---|---|---|---|---|---|---|
| 1 | 1/എഇഇ–7/പി.വി. ഐ.പി/ 2020–21 | പി.വി.ഐ.പി–അറ്റകുറ്റപ്പണികൾ–കോലഞ്ചേരി സബ്ബ് ഡിവിഷൻ ഓഫീസ് കെട്ടിടത്തിന്റെ പുറകുവശത്തെ മുറ്റവും പരിസരവും കോൺക്രീറ്റ് കട്ട വിരിക്കുന്നതിനും നിലവിലുള്ള ജലസംഭരണിയുടെ ചോർച്ച തടയുന്നതിനും വേണ്ടിയുള്ള പ്രവൃത്തികൾ | 495000 | 12500 | 1100+GST | 6 മാസം |

ദർഘാസ് പ്രമാണത്തിന്റെ വിൽപ്പന – 24–08–2020 3 പി.എം. വരെ

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി – 27–08–2020 3 പി.എം. വരെ

ദർഘാസുകൾ തുറക്കുന്ന സമയം – 27–08–2020 ഉച്ച കഴിഞ്ഞ് 3.30 ന്

പി.വി.ഐ.പി.സബ്ബ് ഡിവിഷൻ–7,
കോലഞ്ചേരി. E mail-aeepvip7@yahoo.in
Ph No. 0484 2954940

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(പൂർണ്ണ അധികചുമതല)
(കേരള ഗവർണർക്കുവേണ്ടി)
Assistant Executive Engineer
P.V.I.P. Project Sub Division No. 7
Kolenchery - 682 311

# വിൻഡോപരസ്യം

# കേരള സർക്കാർ ദർഘാസുകൾ

## ജലവിഭവവകുപ്പ്

| | |
|---|---|
| വിൻഡോ നമ്പർ | – |
| ഫയൽ നമ്പർ | – D1-622/92 തീയതി: 10–08–2020 |
| വകുപ്പിന്റെ പേര് | – ജലവിഭവ വകുപ്പ് |
| ഓഫീസ് മേൽവിലാസം | – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.വി.ഐ.പി.സബ്ബ് ഡിവിഷൻ– 7, കോലഞ്ചേരി. |
| ദർഘാസ് നമ്പർ | – 1/എ.ഇ.ഇ.–7/പി.വി.ഐ.പി./2020–21 |
| പ്രവൃത്തികളുടെ എണ്ണം | – 1 എണ്ണം |
| ദർഘാസ് പ്രമാണവില | – 1100+ GST |
| അടങ്കൽ തുക | – 495000 രൂപ |
| ദർഘാസ് വിൽക്കുന്ന തീയതി | – 24–08–2020 – 3 പി.എം.വരെ |
| ദർഘാസ് സ്വീകരിക്കുന്ന തീയതി | – 27–08–2020 – 3 പി.എം.വരെ |
| ദർഘാസിന്റെ ഉദ്ദേശ്യം | – പുനരുദ്ധാരണവേലകൾ |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(പൂർണ്ണ അധികചുമതല)
പി.വി.ഐ.പി.സബ്ബ് ഡിവിഷൻ–7,
കോലഞ്ചേരി.

Assistant Executive Engineer
P.V.I. Project Sub Division No. VII
Kolenchery - 682 311